**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5051** **20-03-2025 - ൽ മറുപടിയ്ക്ക്**

**ചേലക്കര മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ആഫീസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ചേലക്കര മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലാണ് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം പണി പൂർത്തീകരിച്ചിട്ടുള്ളത്; വില്ലേജ് ഓഫീസുകളുടെ പേരുവിവരം വ്യക്തമാക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് വിവിധ വാർഷിക പദ്ധതികളിലുൾപ്പെടുത്തി ചേലക്കര മണ്ഡലത്തിലെ ചെറുതുരുത്തി, വെങ്ങാനെല്ലൂർ എന്നീ വില്ലേജ് ഓഫീസുകളുടെയും റീ ബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി കൊണ്ടാഴി, കണിയാർക്കോട് എന്നീ വില്ലേജ് ഓഫീസുകളുടെയും സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസ് കെട്ടിടങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം പണി പൂർത്തീകരിച്ചത്; പേരുവിവരം വ്യക്തമാക്കാമോ; ഏതിനൊക്കെയാണ് തുക അനുവദിച്ച് കെട്ടിടം പണി ആരംഭിക്കാനുള്ളത്; വിശദാംശം വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാരിന്റെ കാലത്ത് പ്ലാൻ സ്കീം 2023-24 ൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് നവീകരണത്തിന് അനുമതി നൽകിയ ദേശമംഗലം, ചേലക്കോട് എന്നീ വില്ലേജ് ഓഫീസുകളുടെ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. കൂടാതെ 2024-25 വർഷത്തെ പദ്ധതിയിൽ വരവൂർ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിന് 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും നിർവ്വഹണ ഏജൻസിയെ ചുമതലപ്പെടുത്തി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ